# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2129** **08/03/2018-ൽ മറുപടിയ്ക്ക്**

## 'നിക്ഷേപ ഗ്യാരന്റി സ്കീം'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി 'നിക്ഷേപ ഗ്യാരന്റി സ്കീം' നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപസമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്; | (എ) | സർക്കാരിന്റെ 11.01.2012 ലെ ജി.ഒ (പി) 3/2012/സഹ നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ 6529.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 9525 ഗുണഭോക്താക്കൾക്കായി 75,44,50,188/- രൂപയുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റിസ്ക് ഫണ്ട് പദ്ധതി സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ സഹായിച്ചു എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നടപ്പിലാക്കിയത് സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ